LIBRARY ARCHIVES Kerala Legislative Assembly

കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി

93 (4428) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിൽ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി പ്രകാരം ഇൻസെന്റീവ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കപ്പലുടമകൾ, കാർഗോ ഉടമസ്ഥർ, കപ്പൽ ഏജൻസികൾ എന്നിവർ ഇതുമായി സഹകരിക്കുന്നു.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതി പ്രകാരം റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി തിരിച്ചു വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്യുന്നത്. ചരക്കു ഗതാഗതത്തിന്റെ 15% 2015-ഓടുകൂടിയും, 30% 2020-ഓടുകൂടിയും, 50% 2030-ഓടുകൂടിയും തീരദേശ കപ്പൽ ഗതാഗതം വഴി ഉയർത്താനാണ് പ്രസ്തുത പദ്ധതി വഴി ലക്ഷ്യമിടുന്നത്.

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ തുറമുഖങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ

94 (4429) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം വൈക്കം നിയോജകമണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഇതിനായി എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ;